# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XIV
## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (Home Affairs)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2016-17)**

**FIRST REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2016-17)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th September, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (Home Affairs)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2016-17)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-17)

820/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 25, ആഗസ്റ്റ് 10 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ II | —സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| ധനാഭ്യർത്ഥന നമ്പർ III | —നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | —തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | —പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | —ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVII | —വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | —വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XXIV | —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ XXXVII | —വ്യവസായങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | —ഗതാഗതം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2016 ആഗസ്റ്റ് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 19.

# <u>റിപ്പോർട്ട്</u>

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം പതിനാലാം കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതികൾ രൂപീകരിക്കപ്പെട്ടു

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2016-17 സാമ്പത്തിക വർഷ ബഡ്ജറ്റ് ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ, 2016 ജൂലൈ 25, ആഗസ്റ്റ് 10 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥന സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

**വോട്ട് ചെയ്തത് : 586,79,74,000 രൂപ**

**ചാർജ് ചെയ്തത് : 172,76,35,000 രൂപ**

**2013- മന്ത്രിസഭ**
**2013-00-104-99- <u>അതിഥിസൽക്കാരച്ചെലവുകൾ</u>**
**വിഹിതം:- 65 ലക്ഷം രൂപ**

1. അതിഥി സൽക്കാര ചെലവുമായി ബന്ധപ്പെട്ട് 2016 മാർച്ച് മാസം മുതലുള്ള ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിനും ഈ സാമ്പത്തിക വർഷത്തെ തുടർന്നു വരുന്ന മാസങ്ങളിലെ ചെലവ് നടത്തുന്നതിനും ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ <u>15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2013-00-101-99-മന്ത്രിമാരുടെ ശമ്പളം**
**01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്**
**വിഹിതം: 20 ലക്ഷം രൂപ**

2. നടപ്പുസാമ്പത്തികവർഷം 24,51,471/- രൂപ ചെലവഴിച്ചിട്ടുള്ളതിനാലും നിരവധി ക്ലെയിമുകൾ അനുവദിച്ച് നൽകേണ്ടതായുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2013-00-108-99-സഞ്ചാരചെലവുകൾ**
**04-01 യാത്രാ ബത്ത**
**വിഹിതം: 2 കോടി രൂപ**

3. മുൻ സാമ്പത്തിക വർഷത്തെ 50 ലക്ഷം രൂപയുടെ ബില്ലുകൾ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകി തീർപ്പാക്കിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2051- പബ്ലിക് സർവ്വീസ് കമ്മീഷൻ**
**2051-00-102-99-പബ്ലിക് സർവ്വീസ് കമ്മീഷൻ**
**വിഹിതം: 159,08,30,000/- രൂപ**

4. പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക സമിതി പരിശോധിച്ചു. പാർട്ട്-ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാചെലവുകൾ, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക, പി.എസ്.സി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 50 ലക്ഷം രൂപയും 04-യാത്രാചെലവിൽ യാത്രാബത്ത

എന്നയിനത്തിൽ 25 ലക്ഷം രൂപയും 06-വാടക, കരം, നികതി എന്ന ഇനത്തിൽ 27 ലക്ഷം രൂപയും 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 38,50,000/- രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. 50 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ**
**2052-00-090-99-അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്**
**വിഹിതം: 111,32,62,000/- രൂപ**

6. അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - 10,00,000/- രൂപ |
| 02-വേതനം | - 80,00,000/- രൂപ |
| 05-1-വെള്ളക്കരം | - 5,00,000/- രൂപ |
| 05-3- ടെലഫോൺ ചെലവ് | - 44,88,000/- രൂപ |
| 06-വാടക, കരം, നികതി | - 8,15,000/- രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - 1,00,000/- രൂപ |
| 34-3-മറ്റ് ചെലവുകൾ | - 10,00,000/- രൂപ |

**2052-00-090-97-മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്**
**01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്**
**വിഹിതം: 20 ലക്ഷം രൂപ**

7. 2015-16 വർഷം 23,76,541/- രൂപ ചെലവ് വന്നിട്ടുള്ളതിനാലും 2016-17 സാമ്പത്തിക വർഷം ഇതിനോടകം 10,68,787/- രൂപ ചെലവഴിച്ചിട്ടുള്ളതിനാലും

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ 10 ലക്ഷം രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-090-72-കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസുകളും**
**01-ശമ്പളം**
**വിഹിതം:- 1,54,75,000/- രൂപ**

8. നിലവിലുള്ള എം.പി.-മാരുടെ പേഴ്സണൽ സ്റ്റാഫിന് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടതു കണക്കിലെടുത്ത് 46,43,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**02-വേതനം**
**വിഹിതം: 45,20,000/- രൂപ**

9. എം.പി മാരുടെ ഡ്രൈവർമാരുടെ ശമ്പളം 12,000/- രൂപയിൽ നിന്നും 18,000/- രൂപയായി വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഡ്രൈവർമാർക്ക് ശമ്പളം നൽകേണ്ടതുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-092-93-കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി**
**04-2-സ്ഥലംമാറ്റ ബത്ത**
**വിഹിതം: 2,35,000/- രൂപ**

10. 2016-17 സാമ്പത്തിക വർഷം രണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥരടക്കം 4 പേർക്ക് സ്ഥലംമാറ്റയാത്രാബത്ത അനുവദിച്ചതിനാൽ ഈ ശീർഷകത്തിൽ 14,742/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും, നിലവിൽ 3 പേരുടെ സ്ഥലംമാറ്റ ഉത്തരവുകൾ പ്രകാരം യാത്രാ ബത്ത അനുവദിക്കേണ്ടതായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**05 - ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം**
**വിഹിതം : 7,50,000/- രൂപ**

11. എൻ.ഡി.എം.സി. വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശരാശരി ഒരു മാസം 1,86,000/- രൂപയോളം വെള്ളക്കരമിനത്തിൽ അടക്കേണ്ടി വരുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-1- വെള്ളക്കരം എന്ന ഇനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-092-88- കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ**
**വിഹിതം : 3,73,10,000/- രൂപ**

12. നടപ്പ് സാമ്പത്തിക വർഷം വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 05-3-ടെലഫോൺ ചെലവ് എന്ന ഇനത്തിലും 21-2- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും ഒരു ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ 3 വാഹനങ്ങൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-090-73- പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് -**
**36 - സഹായധനം**
**വിഹിതം : 79,32,000/- രൂപ**

14. നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,43,50,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-090-66- സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്**

**വിഹിതം : 4 ലക്ഷം രൂപ**

15. നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8,89,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2052-00-090-95 - നിയമവകപ്പ്**
**വിഹിതം : 16,84,88,000/- രൂപ**

16. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 01-4 - | മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 4,50,000/- രൂപ |
| 04-1 - | യാത്രാബത്ത | - | 2,70,000/- രൂപ |
| 04-4 - | അവധി യാത്രാനുകൂല്യം | - | 9,00,000/- രൂപ |
| 04-02 - | സ്ഥലംമാറ്റബത്ത | - | 1,45,000/- രൂപ |
| 21-2 - | മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 48,000/- രൂപ |

**3451 - സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ**

**3451-00-092-95 - ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്**
**34-3- മറ്റിനം**
**വിഹിതം : 6 ലക്ഷം രൂപ**

17. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 1,39,000/- രൂപ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടിവന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1,40,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3451-00-101-69 സംസ്ഥാന പരിശീലന നയം-പരിശീലന പരിപാടി (പദ്ധതി)**
**വിഹിതം : 12 കോടി രൂപ**

18. സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 1518 പരിശീലന പരിപാടികളിലായി 7590 പരിശീലന ദിനങ്ങൾ കൂടുതൽ ഉള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 1685 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3451-00-101-87 (01) - വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി (പദ്ധതി)**

**വിഹിതം : 91,10,00,000/- രൂപ**

19. സംസ്ഥാനത്തിന്റെ ഐ.ടി നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 149 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3451-00-101-52 - അക്ഷയ പദ്ധതി (പദ്ധതി)**

**വിഹിതം : 3 കോടി രൂപ**

20. അക്ഷയ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**3451-00-101-39 - യുവസംരംഭകത്വ പദ്ധതി (പദ്ധതി)**

**വിഹിതം : 40കോടി രൂപ**

21. ഈ പദ്ധതിയിൽ പുതുതായി 4 ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2580 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം**

**വോട്ടുചെയ്യുത് : 585,56,51,000 രൂപ**

**ചാർജ് ചെയ്യുത് : 105,84,31,000 രൂപ**

**2014-00-114-99 - ലാഓഫീസർമാർ**

**വിഹിതം : 45,79,54,000/- രൂപ**

22. വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04-4- അവധി യാത്രാനുകൂല്യം | - | 4,90,000/- രൂപ |
| 05-3 - ടെലഫോൺ ചെലവ് | - | 1,00,000/- രൂപ |

05-4 - മറ്റിനങ്ങൾ - 5,00,000/- രൂപ

21-2 - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും - 2,00,000/- രൂപ

**2014-00-114-98 - <u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>**
**28 - <u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>**
**വിഹിതം : 5 കോടി രൂപ**

23. നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ <u>1,95,72,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2014-00-114-93 - <u>കേരള സംസ്ഥാന നിയമ സഹായ സമിതി</u>**
**വിഹിതം : 10,65,08,000/- രൂപ**

24. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,00,000 /-രൂപ |
| 02 - വേതനം | - | 2,50,000/- രൂപ |
| 04-1 - യാത്രാബത്ത | - | 1,50,000/- രൂപ |
| 04-02 - സ്ഥലംമാറ്റബത്ത | - | 1,00,000/- രൂപ |
| 05-1- വെള്ളക്കരം | - | 50,000/- രൂപ |
| 05-2 - വൈദ്യുത ചെലവ് | - | 2,00,000 /-രൂപ |
| 05-3 - ടെലഫോൺ ചെലവ് | - | 3,00,000 /-രൂപ |
| 05-4 - മറ്റിനങ്ങൾ | - | 3,00,000 /-രൂപ |
| 06 - വാടക, കരം, നികുതി | - | 10,00,000/- രൂപ |
| 21 - മോട്ടോർ വാഹനങ്ങൾ | - | 20,00,000/- രൂപ |

21-1 - മോട്ടോർ വാഹനങ്ങൾ -

സംരക്ഷണവും അറ്റകുറ്റപ്പണികളും - 1,00,000/- രൂപ

34 - മറ്റ് ചെലവുകൾ - 6,00,00,000/- രൂപ

**2014-00-114-92 - സ്ഥിര ലോക് അദാലത്ത്**
**വിഹിതം : 1,18,17,000/- രൂപ**

25. ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 05-3 ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം ഒരു ലക്ഷം രൂപ, 50,000 രൂപ എന്നിങ്ങനെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-116-99 - കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി**
**വിഹിതം : 4,91,33,000/- രൂപ**

26. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,15,000/- രൂപ |
| 04-1-യാത്രാബത്ത | - | 1,40,000/- രൂപ |
| 05-3-ടെലഫോൺ ചെലവ് | - | 44,000/- രൂപ |
| 05-4- മറ്റിനങ്ങൾ | - | 3,31,000/- രൂപ |
| 18-സംരക്ഷണം | - | 99,000 /-രൂപ |
| 21-മോട്ടോർ വാഹനങ്ങൾ | - | 60,00,000 /-രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 62,000/- രൂപ |
| 34-3 - മറ്റിനം | - | 70,000/- രൂപ |
| 45 - പി.ഒ.എൽ | - | 44,000/- രൂപ |
| 99 - വിവരസാങ്കേതിക വിദ്യ | - | 13,99,000/- രൂപ |

**2014-00-102-98 - ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകം വാങ്ങൽ**
**വിഹിതം : 40 ലക്ഷം രൂപ**

27. ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-102-97 - ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം**
**വിഹിതം : 35 ലക്ഷം രൂപ**

28. ഹൈക്കോടതിയുടെ ആവശ്യത്തിനായി 280 കമ്പ്യൂട്ടറുകളും 100 പ്രിന്ററുകളും അടിയന്തരമായി വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 70,60,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-117-99 - കുടുംബ കോടതികൾ**
**വിഹിതം : 37,09,55,000/- രൂപ**

29. നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലെ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നയിനത്തിൽ 5 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്നയിനത്തിൽ 69,10,000/- രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-105-99 - സിവിലും സെഷൻസും കോടതികൾ**
**99 - വിവരസാങ്കേതികവിദ്യ**
**വിഹിതം : 5 ലക്ഷം രൂപ**

30. കീഴ്‌കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും നിലവിലുള്ള ലാപ്ടോപ്പുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ പുതുക്കുന്നതിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-108-99 - ക്രിമിനൽ കോടതികൾ**
**02 - വേതനം**
**വിഹിതം : 1,86,30,000/- രൂപ**

31. മജിസ്ട്രേറ്റ് കോടതികളിൽ രാത്രി കാവലിനായി നിയമിക്കുന്ന സുരക്ഷാ ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,91,12,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-800-88 - ഗ്രാമന്യായാലയം**
**വിഹിതം : 2,45,64,000 രൂപ**

32. സംസ്ഥാനത്ത് നിലവിലുള്ള 8 ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനും നടപ്പ് സാമ്പത്തിക വർഷത്തിൽ 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും 04-മറ്റിനങ്ങൾ എന്നയിനത്തിൽ 165 ലക്ഷം രൂപയും 18-സംരക്ഷണം എന്ന ശീർഷകം ഉൾക്കൊള്ളിച്ചുകൊണ്ട് 300 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-800-87 - സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ**
**വിഹിതം : 1,000/- രൂപ**

33. തിരുവനന്തപുരത്തും എറണാകുളത്തും തുടങ്ങിയ സി.ബി.ഐ കോടതികൾക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6,54,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-800-93 - സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക**
**06 - വാടക, കരം, നികതി**
**വിഹിതം : 165 ലക്ഷം രൂപ**

34. നിലവിൽ 175 ജുഡീഷ്യൽ ഓഫീസർമാർ വാടകവീട്ടുകളിൽ താമസിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ജുഡീഷ്യൽ ഓഫീസർമാരുടെ

വാടകവീടുകളുടെ മാസവാടകയും കുടിശ്ശികയും നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-800-85 - ഇ-കോടതി നടപ്പാക്കൽ**
**വിഹിതം : 1,000/- രൂപ**

35. ഇ-കോടതി പദ്ധതിയുടെ ഭാഗമായി 38 കീഴ്കോടതി സമുച്ചയങ്ങളിൽ ബ്രോഡ്ബാന്റ് നൽകുന്നതിനും, IHRD യിൽ നിന്നും സാങ്കേതിക മനുഷ്യാദ്ധ്വാനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1,08,39,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-103-98 - പൗരാവകാശ സംരക്ഷണ നിയമം/പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ/പ്രത്യേക കോടതികൾ/ബെഞ്ചുകൾ (50% കേന്ദ്രാവിഷ്കൃതം) (പദ്ധതി)**
**വിഹിതം : 1,15,30,000/- രൂപ**

36. മാനന്തവാടി, കൊട്ടാരക്കര കോടതികളിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പേഴ്സിനുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 60,000/- രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-105-98 - മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ**
**വിഹിതം : 25,51,31,000/- രൂപ**

37. പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2014-00-800-82 - പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്**

**വിഹിതം : 1,000/- രൂപ**

38. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 20,31,36,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കു വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - | 2,63,00,000/- രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - | 15,63,00,000 /-രൂപ |
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - | 4,00,00,000/- രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത- വർദ്ധിപ്പിക്കലും | | 1,17,00,000 /-രൂപ |

**2014-00-105-95- മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ**

**വിഹിതം : 2,11,52,000/- രൂപ**

40. ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 36,60,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന IV-തെരഞ്ഞെടുപ്പുകൾ**

**വോട്ടു ചെയ്തത് : 136,53,35,000 രൂപ**

**ചാർജ്ജ് ചെയ്തത് : ഇല്ല**

**ഇലക്ഷൻ വകുപ്പ്**

**2015-00-103-99 - നിയമസഭയും പാർലമെന്റും**
**വിഹിതം : 48,72,73,000/-രൂപ**

41. ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഫോം വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും നൽകേണ്ടതുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ 23,56,19,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2015-00-108-99 - സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്**
**വിഹിതം : 250 ലക്ഷം രൂപ**

42. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽറോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2016-17 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2015-00-101-99- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ**
**21-1 - മോട്ടോർ വാഹനങ്ങൾ വാങ്ങൽ**
**വിഹിതം : ഇല്ല**

43. ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷണർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടതുണ്ടെന്നതും നിലവിൽ

ഉപയോഗിക്കുന്ന വാഹനം കാലപ്പഴക്കം ഉള്ളതാണെന്നതും പരിഗണിച്ച് പുതിയ വാഹനം വാങ്ങുന്നതിന് 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XII - പോലീസ്**

**വോട്ട് ചെയ്തത് : 3371,06,98,000 രൂപ**
**ചാർജ്ജ് ചെയ്തത് : 6,18,95,000 രൂപ**

**2055-00-001-99-മേൽനോട്ടം**

**05 ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ**

**വിഹിതം - 61,50,000/- രൂപ**

44. പോലീസ് ആസ്ഥാനത്തേയും റേഞ്ച് ഐ.ജി ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതും മേൽ ശീർഷകത്തിൽ നിന്നായതിനാൽ 63,50,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**34 - മറ്റു ചെലവുകൾ-3 മറ്റിനം**

**വിഹിതം - 150 ലക്ഷം രൂപ**

45. പോലീസ് ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കുള്ള ചെലവുകൾ, ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്കുള്ള ചെലവുകൾ എന്നിവയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2055-00-101-98-സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി**

**1 - യാത്രാ ബത്ത**

**വിഹിതം - 150 ലക്ഷം രൂപ**

46. മുൻ വർഷങ്ങളിലെ ടി.എ ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതിനാലും ശമ്പള പരിഷ്കരണത്തിന്റെ അധിക വർദ്ധനവിനാലും ബഡ്ജറ്റ് വിഹിതം

<u>അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 200 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2055-00-101-99-(കുറ്റാന്വേഷണ വിഭാഗം)-34 മറ്റു ചെലവുകൾ**

**3 - മറ്റിനം**

**വിഹിതം - 5,10,000/- രൂപ**

47. വിവിധ ഓഫീസ് ചെലവുകൾക്കും ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14,90,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2055-00-003-98-കേരള പോലീസ് അക്കാദമി**

**12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും**

**വിഹിതം - 600 ലക്ഷം രൂപ**

48. പോലീസ് സബ്ബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), ആംഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ എന്നിവരുടെ പരിശീലനവുമായി ബന്ധപ്പെട്ട് പ്രതിമാസം സ്റ്റൈപ്പന്റ് നൽകേണ്ടതുണ്ട് എന്നതും ഈ വർഷത്തെ ബഡ്ജറ്റ് തുകയിൽ 5 കോടി രൂപ ഇതുവരെ ചെലവായി കഴിഞ്ഞു എന്നതും മുൻകാലങ്ങളിൽ പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുകൊണ്ടിരുന്ന ട്രെയിനിംഗുകൾ ഇപ്പോൾ പോലീസ് അക്കാദമിയിലാണ് നടക്കുന്നത് എന്നതും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ <u>ഈ ഇനത്തിൽ 1260 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**34 - 3-മറ്റിനം**

**വിഹിതം - 41 ലക്ഷം രൂപ**

49. പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളുടെ

പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**05 - ഓഫീസ് ചെലവുകൾ -4 - മറ്റിനങ്ങൾ**

**വിഹിതം - 12 ലക്ഷം**

50. കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി ഈ ഇനത്തിൽ 16,60,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2055-00-104-99-(സായുധ പോലീസ്)**

**04 - യാത്ര ചെലവുകൾ -1 യാത്രാ ബത്ത**

**വിഹിതം - 850 ലക്ഷം രൂപ**

51. മുൻ വർഷത്തെ ടി. എ ബില്ലുകൾ തീർപ്പാക്കാനായി അവശേഷിക്കുന്നതും ശമ്പള പരിഷ്കരണത്തിന്റെ ഫലമായുള്ള അധിക ചെലവ് കാരണവും ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാതെ വരുന്നതിനാൽ 10 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**05 - ഓഫീസ് ചെലവുകൾ -4 മറ്റിനങ്ങൾ**

**വിഹിതം - 85 ലക്ഷം രൂപ**

52. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിലേയ്ക്കായി തുകകൾ മാറ്റി വയ്ക്കുമ്പോൾ ഓഫീസ് ചെലവുകൾക്ക് ഫണ്ട് ലഭ്യമാകാതെ വരുന്നത് കാരണവും നിരവധി സ്ഥാപനങ്ങൾക്ക് ഓഫീസ് സാധനങ്ങൾ വാങ്ങിയ വകയിൽ തുക നൽകാനുള്ളതിനാലും 40 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**18 - സംരക്ഷണം**

**വിഹിതം - 120 ലക്ഷം രൂപ**

53. എം.എസ്.പി, എസ്.എ.പി, കെ.എ.പി2 എന്നീ ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി 280 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**34 - മറ്റു ചെലവുകൾ-3 മറ്റിനങ്ങൾ**
**വിഹിതം - 58 ലക്ഷം രൂപ**

54. റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ 9 മാസത്തെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നത് മേൽ ശീർഷകത്തിൽ നിന്നാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബറ്റാലിയനുകളുടെ പരിശീലനപരിപാടികളുടെ സുഗമമായ നടത്തിപ്പിന് ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സിമിതി ശിപാർശ ചെയ്യുന്നു.

**2055-00-104-98-(ഇന്ത്യ റിസർവ് ബറ്റാലിയൻ)**
**04 - യാത്രാ ചെലവുകൾ-1 യാത്രാബത്ത**
**വിഹിതം - 10 ലക്ഷം രൂപ**

55. ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് പരിഗണിച്ച് ഈ ശീർഷകത്തിൽ 115 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**21 - മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും**
**വിഹിതം - 5 ലക്ഷം രൂപ**

56. ഐ.ആർ ബറ്റാലിയന്റെ വാഹനങ്ങളുടേയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**45 - പി.ഒ.എൽ**
**വിഹിതം - 9 ലക്ഷം രൂപ**

57. ഐ.ആർ ബറ്റാലിയന്റെ വാഹനങ്ങളും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർ ബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെ ഇന്ധന ചെലവും നിർവ്വഹിക്കുന്നതിന് 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2055-00-109-99-(ജില്ലാ സേന)**
**05 - ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ**
**വിഹിതം - 420 ലക്ഷം രൂപ**

58. സംസ്ഥാനത്തെ 19 ജില്ലാ പോലീസ് യൂണിറ്റുകളിലെ ഓഫീസ് ചെലവുകൾക്ക് പുറമേ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനുള്ള തുകയും മേൽ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ക്രമസമാധാന പാലനത്തിന് പ്രധാനമായും ജില്ലാ പോലീസ് യൂണിറ്റിലെ വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. പോലീസ് വകുപ്പിനായി വാങ്ങിയ 560 ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ ഭൂരിഭാഗവും ജില്ലാ പോലീസ് മേധാവികളുടെ നിയന്ത്രണത്തിലാണ് ഉള്ളതെന്നതിനാൽ ടി വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനുള്ള ഫണ്ടും മേൽ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**34 - മറ്റു ചെലവുകൾ-3 മറ്റിനം**
**വിഹിതം - 300 ലക്ഷം രൂപ**

59. ജില്ലാ പോലീസ് ഓഫീസുകളുടെ ദൈനംദിന ചെലവുകൾക്ക് പുറമേ കേരള ലെജിസ്ലേറ്റീവ് അസംബ്ലി ഇലക്ഷൻ, ശബരിമല തീർത്ഥാടന സമയത്തും മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ടും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം, ഫീഡിംഗ് ചാർജ് എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>2055-00-112-98-തീരദേശ പോലീസ് സ്റ്റേഷനുകൾ</u>**
**<u>04 -യാത്രാ ചെലവുകൾ-1 യാത്രാ ബത്ത</u>**
**വിഹിതം - 6 ലക്ഷം രൂപ**

60. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>21 - മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും</u>**
**വിഹിതം - 4 ലക്ഷം രൂപ**

61. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ, ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ഇനത്തിൽ 19,56,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2062-00-104-98- <u>വിജിലൻസ് വകുപ്പിന്റെ നവീകരണം</u>**
**വിഹിതം : 150 ലക്ഷം രൂപ (പദ്ധതി)**

62. വി.എ.സി.ബി ഡയറക്ടറേറ്റിൽ ഒരു നിലകൂടിപണിയുന്നതിനും പ്രവേശന കവാടം നിർമ്മിക്കുന്നതിനും <u>200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

63. 2006-ൽ സ്ഥാപിച്ച സെർവർ ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വി.എ.സി.ബി. സ്യൂട്ട്, സെർവർ എന്നിവയുടെ നവീകരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി <u>12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

64. ഒരു കോടി രൂപക്ക് മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം, ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ്

വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 125 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. അഴിമതി ഇല്ലാതാക്കുന്നതിനും സംസ്ഥാനത്തെ അഴിമതിമുക്തമാക്കുവാനും എറൈസിംഗ് കേരള എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് പദ്ധതി ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. വിജിലൻസിന്റെ ആധുനികവത്ക്കരണത്തിനും, പരിശീലനത്തിനുമായി വിജിലൻസ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഡിവിഷൻ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062-00-104- 99-വിജിലൻസ്**
**വിഹിതം : 122,61,22,000/-**

**02 - വേതനം**
**വിഹിതം : 48,76,000/- രൂപ**

67. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**04-4 അവധി യാത്രാനുകൂല്യം**
**വിഹിതം : 5 ലക്ഷം രൂപ**

68. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**05-4 മറ്റിനങ്ങൾ**
**വിഹിതം : 52,80,000/- രൂപ**

69. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**06- വാടക, കരം, നികുതി**
**വിഹിതം : 40 ലക്ഷം രൂപ**

70. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell TVM, TSR, IDK, TVM, ALA, KKD, ALA, TSRY തുടങ്ങിയ ഓഫീസുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**04-2 സ്ഥലംമാറ്റബത്ത**
**വിഹിതം : 1,00,000/- രൂപ**

71. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062-00-105-96 - സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം**
**വിഹിതം : 96,22,000/- രൂപ**

**04-4 - അവധി യാത്രാനുകൂല്യം**
**വിഹിതം - 7000/- രൂപ**

72. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062-00-105-94 - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം**
**വിഹിതം : 77,38,000/- രൂപ**

**06-വാടക, കരം, നികുതി**
**വിഹിതം - 3,60,000/- രൂപ**

73. ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക മുൻ ജഡ്ജിയുടെ ഔദ്യോഗികവസതിയുടെ വാടക കുടിശ്ശിക എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 9,50,000 /- രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**04-2-സ്ഥലംമാറ്റ ബത്ത**
**വിഹിതം : 11,000/- രൂപ**

74. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75,000/- രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062-00-105-97- എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ**
**വിഹിതം :84,56,000/- രൂപ**

75. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ വൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062-00- 105- -95-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്**
**വിഹിതം : 91,51,000/- രൂപ**

76. പുതിയ കാർ വാങ്ങുന്നതിനും സ്പെഷ്യൽ ജഡ്ജിയുടെ വീട്ടുവാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 10,75,000/- രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062 -00- 105-90-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ**
**വിഹിതം : 44,95,000/- രൂപ**

77. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 27,60,000/-രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2062 -00- 105-89-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി**
**വിഹിതം : 1000/- രൂപ**

78. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 94,35,000/-രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2062 -00- 105-99-<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

**വിഹിതം : 87,92,000/- രൂപ**

79. ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങൽ എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>8,02,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>കേരള ലോകായുക്ത</u>**

**2062-00-103-99-05-4 <u>മറ്റിനങ്ങൾ</u>**

**<u>വിഹിതം : 10 ലക്ഷം രൂപ</u>**

80. ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിച്ചതിനും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങിയതിനും ലോകായുക്ത കാര്യാലയത്തിൽ ലോകായുക്തയുടെയും ഉപലോകായുക്തമാരുടെയും ഓഫീസ് മുറികളിൽ സ്ഥാപിച്ചിരുന്ന ശീതീകരണ യന്ത്രങ്ങൾ മാറ്റിയതിനുമായി 7 ലക്ഷത്തിലധികം രൂപ നാളിതുവരെ ചെലവായിട്ടുണ്ടെന്നും കോടതിയുടെ ഡയസ് നവീകരിക്കുന്നതിന് 5 ലക്ഷം രൂപയും കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിന് രണ്ട് ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസിലാക്കുന്നു. ഈ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2062-00-103-99-06-<u>വാടക, കരം, നികുതി</u>**

**വിഹിതം : 8,75,000/- രൂപ**

81. ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2062-00-103-99-21-1 <u>വാഹനം വാങ്ങൽ</u>**

**വിഹിതം :1000/- രൂപ**

82. ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി <u>49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2062-00-103-99-34 <u>മറ്റു ചെലവുകൾ</u>**

**വിഹിതം :9,50,000/- രൂപ**

83. കേരള ലോകായുക്ത സ്റ്റാന്റിംഗ് കൗൺസിലിന്റെ വേതനം, സർവ്വീസ് പോസ്റ്റേജ്, ബുക്ക് ബൈന്റിംഗ്, വിറ്റ്നസ്ബാറ്റ എന്നീയിനങ്ങളിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>2,50,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ**

**വോട്ട് ചെയ്തത്: 117,00,71,000 രൂപ**

**ചാർജ് ചെയ്തത്: ഇല്ല**

**2056-00-101-99 - ജയിലുകൾ (നോൺ-പ്ലാൻ)**

**വിഹിതം : 16,00,72,000/- രൂപ**

84 തടവുകാരുടെ വേതനം പരിഷ്കരിച്ചതും, തടവുകാരുടെ അടിയന്തര ചികിത്സാ ചെലവുകൾ, ബാറ്റ, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ, 34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാര സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ്, തടവുകാരുടെ ആഹാരത്തിന്റെ മെനു കേരള പ്രിസൺസ് റൂൾ ചട്ടപ്രകാരം പരിഷ്കരിച്ചതുമൂലമുണ്ടായ അധിക ചെലവ് എന്നിവ കണക്കാക്കുമ്പോൾ '56 ഫീഡിംഗ് ആന്റ് ക്യാഷ്ഡോൾസ് ' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. തടവുകാരെ കോടതിയിലും ആശുപത്രിയിലും എത്തിക്കുന്നതിനുള്ള വാഹനങ്ങളുടെ ഇന്ധനചെലവിലുണ്ടായ വർദ്ധനവ്

കണക്കാക്കുമ്പോൾ '45-പി.ഒ.എൽ.' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനങ്ങളിലായി 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2056-00-101-98 - ജയിലുകൾ (പദ്ധതി)**
**വിഹിതം : 100 ലക്ഷം രൂപ**

85. കോഴിക്കോട് ഉത്തരമേഖലാ ഡി.ഐ.ജി. ഓഫീസിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് കെട്ടിട നിർമ്മാണത്തിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

**വോട്ട് ചെയ്തത് : 423,57,22,000/- രൂപ**
**ചാർജ്ജ് ചെയ്തത് : 10,000/- രൂപ**

**2058 - സ്റ്റേഷനറിയും അച്ചടിയും**
**2058-00-001-99- നടത്തിപ്പ്**
**വിഹിതം : 10,57,55,000/- രൂപ**

86. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 5,45,000/- രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 4,65,000/- രൂപ |
| 06-വാടക, കരം, നികുതി | - | 4,00,000/- രൂപ |
| 21-1-വാഹനം വാങ്ങൽ | - | 10,00,000/- രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,80,000/- രൂപ |
| 45-പി.ഒ.എൽ | - | 2,85,000/- രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - | 19,99,000/- രൂപ |

**2058-00-101-99- <u>സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ</u>**
**വിഹിതം : 21,60,25,000/- രൂപ**

87. നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ <u>18-സംരക്ഷണം എന്നയിനത്തിൽ 2,75,000/- രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 37,00,000/- രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,08,06,000/- രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2058-00-001-92- <u>സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം (പദ്ധതി)</u>**
**വിഹിതം: 50 ലക്ഷം രൂപ**

88. കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനുമായി <u>ഈ ശീർഷകത്തിൽ 6,12,000/-രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2058-00-103-99- <u>ഗവൺമെന്റ് പ്രസ്സുകൾ</u>**
**വിഹിതം: 105,21,61,000/- രൂപ**

89. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ <u>താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 5,00,00,000/- രൂപ |
| 05-4-മറ്റിനങ്ങൾ | - | 25,00,000/- രൂപ |
| 18-സംരക്ഷണം | - | 12,00,000 /-രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 45,00,000 /-രൂപ |
| 24-സാധനസാമഗ്രികൾ | - | 1,00,00,000/- രൂപ |
| 45-പി.ഒ.എൽ | - | 2,00,000/- രൂപ |

**2058-00-103-98- ഗവൺമെന്റ് പ്രസ്സുകളിൽ അപ്രന്റീസുകളെ നിയോഗിക്കൽ**

**12- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും**

**വിഹിതം : 2 ലക്ഷം രൂപ**

90. അപ്രന്റീസ് സ്റ്റൈപ്പന്റ് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070 - മറ്റു ഭരണപരമായ സർവ്വീസുകൾ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്**

**2070-00-119-97-34 - മറ്റു ചെലവുകൾ**

**വിഹിതം : 2 ലക്ഷം രൂപ**

91. സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-003-97(35,36) - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം -ശമ്പളേതരം**

**വിഹിതം : 680 ലക്ഷം രൂപ (പദ്ധതി)**

92. പുതുതായി നിർമ്മിച്ച ബാർട്ടൺ ഹില്ലിലെ ഐ.എം.ജി എക്സിക്യൂട്ടീവ് ഹോസ്റ്റൽ, ഐ.എം.ജി കൊച്ചിയുടെ ഹോസ്റ്റൽ ബിൽഡിംഗ് നവീകരണം, കമ്പ്യൂട്ടർ ലാബുകളുടെ നവീകരണം, ട്രെയിനിങ് പ്രവർത്തനങ്ങൾക്കായി പുതിയ സജ്ജീകരണങ്ങൾ, അന്ധരും ബധിരരുമായ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം, ബെസ്റ്റ് പ്രാക്ടീസസിന്റെ രേഖീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 671 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-003-97-31 - സഹായധനം-ശമ്പളം**

**വിഹിതം - 6,28,77,000/- രൂപ**

93. ശമ്പളവും മറ്റ് ആനുകൂല്യങ്ങളും,വെൽഫെയർ ഫണ്ട് സ്വരൂപിക്കൽ,പെൻഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,12,59,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-119-98) - ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ**

**21 -മോട്ടോർ വാഹനങ്ങൾ**

**വിഹിതം - ഇല്ല**

94. കാലഹരണപ്പെട്ട വാഹനം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ലേലം ചെയ്തിട്ടുള്ളതാണെന്നതും പെട്രോൾ അലവൻസ്, മെയിന്റനൻസ് ചാർജ്ജ് എന്നിവ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9,49,000/- രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-108 - ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്**

**99 - ഭരണവും നടത്തിപ്പും**

**34-3 - മറ്റിനങ്ങൾ**

**വിഹിതം - 21,75,000/- രൂപ**

95. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്ക് കഴിഞ്ഞ കുറേ വർഷങ്ങളായി യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിന് ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിയുന്നില്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9,77,20,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**21-1 - വാഹനം വാങ്ങൽ**

**വിഹിതം - ഇല്ല**

96. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 5 മേഖലാ ഓഫീസർമാർക്ക് വാഹനങ്ങളും 2 ഡയറക്ടർമാർക്ക് സ്റ്റാഫ് കാറും വാങ്ങുന്നതിനും ജീപ്പുകളും ആംബുലൻസുകളും എല്ലാ അഗ്നിരക്ഷാ നിലയങ്ങൾക്കും നൽകുന്നതിനുമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-108-98 - <u>പ്രതിരോധവും നിയന്ത്രണവും</u>**

**<u>04 -യാത്രാചെലവുകൾ - 1 - യാത്രാബത്ത</u>**

**വിഹിതം - 1,43,00,000/- രൂപ**

97. ശബരിമല തീർത്ഥാടന സമയത്ത് ജീവനക്കാരെ അഗ്നിസുരക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുമ്പോൾ അവർക്ക് യാത്രാചെലവുകൾ നൽകേണ്ടതുണ്ടെന്നും ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ടൂർ ടി. എ ഇനത്തിൽ തുകകൾ കുടിശ്ശിക കൊടുത്ത് തീർക്കേണ്ടതുണ്ടെന്നും കണക്കിലെടുത്ത് <u>75 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**05 - <u>ഓഫീസ് ചെലവുകൾ</u>**

**വിഹിതം - 1,07,00,000/- രൂപ**

**1 - വെള്ളക്കരം**

98. അഗ്നിശമന രക്ഷാപ്രവർത്തന ജോലിയുടെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ ചാർജിനത്തിൽ <u>20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>17 - ചെറുകിട മരാമത്ത് പണികൾ, 18 - സംരക്ഷണം</u>**

**വിഹിതം - 15 ലക്ഷം രൂപ**

99. ആറ്റിങ്ങൽ നിലയത്തോടനുബന്ധിച്ച് ഒരു സ്റ്റോർ റൂം, ബാത്ത് റൂം എന്നിവ നിർമ്മിക്കുന്നതിന് 14,00,000/- രൂപയുടെ ഭരണാനുമതി ലഭ്യമായെന്നും ചെറുകിട മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനുള്ള കണക്ക് ശീർഷകത്തിൽ മതിയായ ഫണ്ടില്ലെന്നും ആസ്ഥാന ഓഫീസിൽ നവീകരണ പണികൾ നടക്കുകയാണെന്നും കണക്കിലെടുത്ത് 17-ചെറുകിട പണികൾ, 18-സംരക്ഷണം എന്നീ ശീർഷകങ്ങളിൽ <u>25 ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2070-00-108-97 -<u>പരിശീലനം</u>**

**വിഹിതം - 1,21,42,000/- രൂപ**

100. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നവീകരണത്തിനായി 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച <u>100 ലക്ഷം രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>34-മറ്റു ചെലവുകൾ - 3 - മറ്റിനം</u>**

**വിഹിതം - 3 ലക്ഷം രൂപ**

101. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനുമായി <u>25 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>04 - യാത്രാചെലവുകൾ</u>**

**<u>05 - ഓഫീസ് ചെലവുകൾ</u>**

**<u>21 - മോട്ടോർ വാഹനങ്ങൾ</u>**

102. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ സുഗമമായ പ്രവർത്തിനത്തിനായി <u>04-യാത്രാ ചെലവുകൾ എന്നയിനത്തിൽ 2 ലക്ഷം രൂപയും, 05-ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 1,50,000/- രൂപയും, 21 - മോട്ടോർ വാഹനങ്ങൾ എന്നയിനത്തിൽ 2,50,000/- രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2070-00-108-96 - <u>മറ്റു ചെലവുകൾ</u>**

**വിഹിതം - 1,60,000/- രൂപ**

103. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ

ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,40,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2070-00-108-94 - അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

## വിഹിതം - 39 കോടി രൂപ

104. ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21,93,15,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2070-00-108-92 - അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ (75% സെൻട്രലി സ്പോൺസേർഡ് സ്കീം)

## വിഹിതം - ഇല്ല

105. 2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503/- രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000/- രൂപ ഭരണപരമായ കാലതാമസം മൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് 2,63,67,000/- രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2070-00-108-91 - അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം - ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

## വിഹിതം - 1000/- രൂപ

106. അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും,

വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-108-90 - ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)**

**വിഹിതം - ഇല്ല**

107. കഴിഞ്ഞ വർഷം വകയിരുത്തിയ 9 കോടി 24 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2070-00-107-99 - ഹോംഗാർഡ്സ്**

**വിഹിതം - 3300 ലക്ഷം രൂപ**

108. ഹോംഗാർഡ്സുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 500/- രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും സമിതി മനസിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

**വോട്ടു ചെയ്തത് : 89,62,01,000 രൂപ**

**ചാർജ്ജ് ചെയ്തത് : ഇല്ല**

**2220 - വാർത്താവിതരണവും പ്രചരണവും**

**2220-01-001-96- പ്രത്യേക പൊതുജനസമ്പർക്ക മേളകൾ (പദ്ധതി)**

**വിഹിതം: 120 ലക്ഷം രൂപ**

109. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും ഗ്രാമ പ്രദേശങ്ങളിലുള്ളവരിൽ അവബോധം സൃഷ്ടിക്കുന്നതിന്

ഓരോ ജില്ലയിലും പൊതുജന സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നതിനാലും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കേണ്ടതുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2220-01-001-99- പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റ്
## 21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും
## വിഹിതം: 2,70,000/- രൂപ

110. പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2220-01-001-98- ജില്ലാ പ്രചരണ ഓഫീസുകൾ
## 21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും
## വിഹിതം: 2,58,000/- രൂപ

111. ജില്ലാ പ്രചരണ ഓഫീസുകളിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2220-601-10199- പ്രദർശനവും പരസ്യവും
## വിഹിതം: 11 കോടി രൂപ

112. സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾ ദിനപത്രങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾ വഴിയും പൊതുജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യ വിഭാഗം ആധുനികവൽക്കരിക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2220-60-101-97- <u>പരസ്യത്തിനുള്ള ചെലവുകൾ</u>**
**01- <u>അച്ചടി മാധ്യമം</u>**
**വിഹിതം: 750 ലക്ഷം രൂപ**

113. വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമുള്ള ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തി. <u>ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2220-60-110-99- <u>പുസ്തക പ്രസിദ്ധീകരണം</u>**
**വിഹിതം: 11 ലക്ഷം രൂപ**

114. ജില്ലാ ഹാന്റ് ബുക്കുകളുടെ പുന:പ്രസിദ്ധീകരണം, മീഡിയാ ഹാന്റ് ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. <u>ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2220-01-001-98-21-1- <u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>**
**2220-01-001-99-21-1- <u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>**
**വിഹിതം: ഇല്ല**

115. പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് <u>മേൽ ശീർഷകങ്ങളിലായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

**വോട്ട് ചെയ്തത് : 1008,77,12,000 രൂപ**

**ചാർജ്ജ് ചെയ്തത് : ഇല്ല**

**2230 - തൊഴിലും തൊഴിൽ സൗകര്യങ്ങളും**
**2230-01-103-39- നോർക്ക വകുപ്പിന്റെ കീഴിലുള്ള സാന്ത്വനപദ്ധതി (പദ്ധതി)**
**വിഹിതം: 5 കോടി രൂപ**

116. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാന്ത്വന പദ്ധതിയിൻ കീഴിൽ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നതിനാൽ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2230-01-103-47- നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയുമുള്ള ബോധവൽക്കരണ പരിപാടി (പ്ലാൻ)**
**വിഹിതം: 40 ലക്ഷം രൂപ**

117. വ്യാജ റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും, ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിൽ പരസ്യങ്ങൾ നല്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

**വോട്ട് ചെയ്തത് : 173,51,03,78,000 രൂപ**

**ചാർജ്ജ് ചെയ്തത് : 20,00,000 രൂപ**

**3425 - മറ്റു ശാസ്ത്രീയ ഗവേഷണം**
**3425-60-200-71- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-ധനസഹായം**

118. കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21,86,32,000/-രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

**വോട്ട് ചെയ്തത് : 11,51,84,83,000 രൂപ**

**ചാർജ് ചെയ്തത് : ഇല്ല**

**4859-02-800-97 - സൈബർപാർക്ക് (പദ്ധതി)**
**വിഹിതം : 2568 ലക്ഷം രൂപ**

119. ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1488 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4859-02-800-98- (03) ഇൻഫോ പാർക്ക് (പദ്ധതി)**
**വിഹിതം : 6161 ലക്ഷം രൂപ**

120. ഇൻഫോപാർക്ക് രണ്ടാം ഘട്ട കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി 2730 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4859-02-800-98(04) - ഇൻഫോപാർക്ക് രണ്ടാംഘട്ടം- നബാർഡ് ധനസഹായം (പദ്ധതി)**
**വിഹിതം : ഇല്ല**

121. നബാർഡ് RIDF പദ്ധതി പ്രകാരം ഇൻഫോപാർക്ക് രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4121 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4859-02-190-93 - ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് (പദ്ധതി)**
**വിഹിതം : 1650 ലക്ഷം രൂപ**

122. ഐ.ഐ.ഐ.ടി.എം.കെ.യുടെ കാമ്പസ് നിർമ്മാണത്തിനായി നടപ്പ് ബജറ്റ് വിഹിതം കൂടാതെ 30 കോടി രൂപ കൂടി നിർമ്മാണ കമ്പനിക്ക് നൽകേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4859-02-800-91 - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, വലവൂർ, കോട്ടയം (പദ്ധതി)**
**വിഹിതം : 5 കോടി രൂപ**

123. കോട്ടയത്തെ വലവൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ 5 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിനും, ഭൂമി ഏറ്റെടുക്കുന്നതിനുമായി 2075 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4859-02-800-98-(01) - <u>ടെക്നോപാർക്ക് (പദ്ധതി)</u>**
**വിഹിതം : 76 കോടി രൂപ**

124. ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ടെക്നോപാർക്കിന്റെ വിവിധ വികസന പദ്ധതികൾക്കായി <u>27814 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**4859-02-004-98 - <u>വിജ്ഞാന നഗരം (പദ്ധതി)</u>**
**വിഹിതം : ഒരു ലക്ഷം രൂപ**

125. തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് നോളജ് സിറ്റിയുടെ സ്ഥലമെടുപ്പിന് വേണ്ടി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 31624 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം**

**വോട്ട് ചെയ്തത് : 4,80,09,90,000 രൂപ**

**ചാർജ് ചെയ്തത് : 1,35,35,29,000 രൂപ**

**3053- <u>സിവിൽ ഏവിയേഷൻ</u>**
**3053-02-190-99-<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്</u>**
**വിഹിതം : 1000/- രൂപ**

126. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ <u>18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**5053- സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്**
**5053-02-190-97- കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**
**വിഹിതം : ഒരു ലക്ഷം രൂപ (പദ്ധതി)**

127. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 10,01,89,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5053-02-190-93-കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**
**വിഹിതം : ഒരു ലക്ഷം രൂപ (പദ്ധതി)**

128. അടിയന്തരമായി സ്ഥലം ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് നൽകിയ 137 ഏക്കർ ഭൂമി ഉടനടി ഏറ്റെടുക്കേണ്ടതുണ്ടെന്നും റൺവേയുടെ വീതിക്കുറവ് മൂലം എയർപോർട്ടിന്റെ ലൈസൻസ് തന്നെ റദ്ദാക്കപ്പെടാവുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി. ആയതിനാൽ റൺവേ വികസനത്തിന് ആവശ്യമായ സ്ഥലം അടിയന്തരമായി ഏറ്റെടുക്കുന്നതിനും 3 വില്ലേജുകളിലായി ഏകദേശം 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ട പരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 500 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**7053 - സിവിൽ ഏവിയേഷനുള്ള വായ്പകൾ**
**7053-02-190-99 - തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ**
**വിഹിതം : 1000/- രൂപ**

129. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായുള്ള തുക 7053-02-190-99 എന്ന

ശീർഷകത്തിൽ വായ്പയായാണ് അനുവദിച്ചുവരുന്നതെന്ന് സമിതി മനസിലാക്കുന്നു. 20.08.2014 ലെ GO(Rt). 363/14/Triads നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 205 കോടി രൂപ 7053-02-190-99 Loans to TRIADS എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2016, ആഗസ്റ്റ് 19.

പിണറായി വിജയൻ,
അദ്ധ്യക്ഷൻ,
വിഷയനിർണ്ണയ സമിതി XIV.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.